**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1708** **13-02-2025 - ൽ മറുപടിയ്ക്ക്**

**ഓഫ് ക്യാംപസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം കേരളത്തിന് പുറത്തേക്ക് വ്യാപിപ്പിക്കാനും അതുവഴി സർവ്വകലാശാലകളുടെ പ്രവർത്തനം വിപുലീകരിക്കുവാനുമുള്ള ഓഫ് ക്യാംപസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന് പുറത്ത് ഓഫ് ക്യാംപസ് സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | ഉന്നത വിദ്യാഭ്യാസമേഖലയിൽ ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:<br><br>**<u>1. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:</u>**<br><br>ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസേർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.<br><br>**<u>2. ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:</u>**<br><br>നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ |

പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചർ & ഇക്കോളജിക്കൽ സയൻസ്, ക്ലൈമറ്റ് ചെയിഞ്ച് & ജിയോളജിക്കൽ സ്റ്റഡീസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിംഗ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000/- രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും കൂടാതെ പ്രതിവർഷം 2 ലക്ഷം രൂപ വീതം സയൻസ് വിഭാഗത്തിൽപ്പെട്ടവർക്കും 50,000 രൂപ വീതം സോഷ്യൽ സയൻസ് വിഭാഗത്തിനും കന്റിജൻസി ഗ്രാന്റായും നൽകും. 500 ഫെല്ലോഷിപ്പുകളാണ് ആകെ നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകളും രണ്ടാം ഘട്ടത്തിൽ 68 ഫെല്ലോഷിപ്പുകളും മോഡ് 1 പ്രകാരം സർവ്വകലാശാലകളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് 31 ഫെല്ലോഷിപ്പുകളുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നാളിതുവരെ ഫെല്ലോഷിപ്പ് തുകയായി 12,14,28,406/- രൂപ (പന്ത്രണ്ട് കോടി പതിനാല് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നാന്നൂറ്റി ആറ് രൂപ) യും കന്റിജൻസി ഗ്രാന്റായി 2,37,97,000/- രൂപ (രണ്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ) യും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്കായി ആകെ 14,52,25,406/- രൂപ (പതിനാല് കോടി അമ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാന്നൂറ്റി ആറ് രൂപ) യാണ് ഇതുവരെ ചെലവഴിച്ചത്.

**3. സെന്റർ ഓഫ് എക്സലൻസ്:**

സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസുകൾ ആരംഭിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപടികൾ സ്വീകരിച്ചു.

1. Centre of excellence for Teaching, Learning and Training

2. Kerala Institute for Science, Technology and Innovation (KISTI)

3. Kerala Institute of Advanced Studies (KIAS)

| | | | |
|---|---|---|---|
| | | | 4. Kerala Network for Research-support in Higher Education (KNRSHE)<br><br>5. Centre for Indigenous Peoples Education (CIPE)<br><br>6. The Kerala Institute for Gender Equality (KIGE)<br><br>7. Kerala Language Network (KLN)<br><br>**<u>4. ട്രാൻസ്ലേഷണൽ റിസർച്ച് സെന്റേഴ്സ് :</u>** കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കുസാറ്റ്, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റേഴ്സ് ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ